(സി) സ്ഥലപരിമിതിമൂലം വീടുവയ്ക്കാൻ സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ നിയമത്തിൽ അടിയന്തിര ഭേഗതി വരുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെട്ടിടത്തിനുള്ള സ്ഥലത്തേക്കുള്ള വഴിക്ക് രണ്ടുനില കെട്ടിടത്തിനാണെങ്കിൽ 3.6 മീററും മൂന്നുനിലകെട്ടിടത്തിലധികമാണെങ്കിൽ 5 മീററും വീതിവേണം.

(സി) പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തുവാൻ നിർവാഹമില്ല.

പൈപ്പ് വെള്ളം കിട്ടുന്നില്ല എന്ന പരാതി

923 [1461] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള കൊഞ്ചിറവിള, കത്തുകല്ലുമ്മൂട് എന്നീ സ്ഥലങ്ങളിൽ ഏതാനും മാസങ്ങളായി രാവിലെ 7 മണി മുതൽ വൈകുന്നേരം 5 മണി വരെ പൈപ്പുവെള്ളം കിട്ടുന്നില്ല എന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവിടെ എല്ലാ സമയവും വെള്ളം കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പ്രദേശത്ത് ഇപ്പോഴും അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി വെള്ളയമ്പലം മുതൽ ഐരാണിമുട്ടം വരെ ട്രാൻസ്മിഷൻ മെയിനും, ഐരാണിമുട്ടത്തു ഒരു ജലസംഭരണിയും നിർമ്മിക്കുന്നതിനു നടപടികളെടുത്തിട്ടുണ്ട്.

പട്ടണത്തിലെ കൊതുകുശല്യം

924 [1463] ശ്രീ. കെ.ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൊതുവേ ജനബാഹുല്യമുള്ള പട്ടണങ്ങളിൽ കൊതുകുശല്യം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എടുത്ത നടപടികൾ എവ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തലസ്ഥാന നഗരിയിൽ തന്നെ കോട്ടയ്ക്കകം, ശ്രീവരാഹം എന്നീ വാർഡുകളിലെ തെരുവുകളിലെ ഡ്രെയിനേജ് റോഡുകളിൽ ചപ്പും ചവറും കുന്നുകൂടി കിടക്കുന്നതു നിമിത്തം കൊതുകുകൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം കണക്കിലെടുത്തുകൊണ്ട് അവ ഉടനെ തന്നെ മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇതേ സംബന്ധിച്ച് കോർപ്പറേഷൻ കമ്മീഷണർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭ്രാന്താശുപത്രികൾ

925 [1467] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇന്ന് എത്ര ഭ്രാന്താശുപത്രികൾ ഉണ്ട്;

(ബി) അതിൽ എത്ര രോഗികൾ ഉണ്ട്;

(സി) ഭ്രാന്താശുപത്രികളും അവിടത്തെ ചികിൽസാരീതികളും പരിഷ്കരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) അനാഥരായ രോഗികളുടെ രോഗം മാറിയിട്ട് അവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട ഒരു സംവിധാനം ഗവൺമെൻറിൽ നിന്ന് ഏർപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന്

(ബി) ഓരോ ആശുപത്രിയിലും ഇപ്പോൾ കിടക്കുന്ന രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	1127
തൃശ്ശൂർ	360
കോഴിക്കോട്	703

(സി) ഈ കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) ഇതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly